# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

## (നിലവിൽ - ശ്രീ.പി പുകഴേന്തി ഐ.എഫ്.എസ്)

വിഷയം:- പിന്നാക്ക സമുദായ വികസനം - അന്യ സംസ്ഥാനത്തെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (100% സി.എസ്.എസ്) - 2016-17 അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) ജി.ഒ(ആർ.റ്റി നമ്പർ 100/2016/ബി.സി.ഡി.ഡി തീയതി-18.11.2016
2) സ.ഉ. (സാധാ) നം. 74/2014/പി.സ.വി.വ തീയതി 01.09.2014
3) 19.10.2016-ലെ ഈ ആഫീസിൽ നിന്നുള്ള ഇതേ നമ്പർ നോട്ടിഫിക്കേഷൻ
4) 07.02.2017,22.02.2017,22.03.2017 തീയതികളിലെ ഈ ആഫീസിൽ നിന്നുള്ള ഇതേ നമ്പർ ഉത്തരവുകൾ

.....................................................................................................................................

ഉത്തരവ് നമ്പർ: **BCDD/A3/1735/16** തീയതി: 05.07.2017

.....................................................................................................................................

100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതിക്ക് 2016-17 വർഷം ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം ആനുകൂല്യങ്ങൾ ഗ്രൂപ്പ് എ.ബി.സി കോഴ്സുകളിലേക്ക് കൂടി വ്യാപിപ്പിച്ചിട്ടുമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിനകത്ത് ഇതുവരെ ആനുകൂല്യം ലഭ്യമാകാത്തതും ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കാവുന്നതുമായ CA/ICWA/COMPANY SECRETARY കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിന് പുറത്തെ കേന്ദ്ര വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ദേശീയ പ്രാധാന്യമുള്ള ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗ്രൂപ്പ് എ.ബി,സി കോഴ്സുകളിൽ പഠിക്കുന്നതുമായ 210 വിദ്യാർത്ഥികൾക്ക് ആദ്യ ഘട്ടമായി പരാമർശം (4) പ്രകാരം 2016-17 വർഷത്തെ സ്കോളർഷിപ്പ് അനുവദിച്ച് ഉത്തരവായിരുന്നു. ആയതിന്റെ തുടർച്ചയായി 2016-17 വർഷത്തെ സ്കോളർഷിപ്പിന് അപേക്ഷിച്ചവരിൽ നിന്നും ആവശ്യമായ എല്ലാ രേഖകളും അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള 250 വിദ്യാർത്ഥികൾക്ക് രണ്ടാം ഘട്ടമായി അനുബന്ധത്തിൽ ചേർക്കും പ്രകാരം സ്കോളർഷിപ്പായി 58,16,267/-രൂപ അനുവദിച്ച് ഉത്തരവാകുന്നു.

കേന്ദ്ര സ്കീം പ്രകാരം അനുവദിക്കാവുന്ന കോഴ്സ് ഫീസും മറ്റ് മാന്റേറ്ററി ഫീസുകളും പ്രതിമാസ സ്റ്റൈപ്പന്റുമാണ് അനുവദിച്ച് നൽകിയിട്ടുള്ളത്.

ഇതിലേക്കാവശ്യമായ 58,16,267/-രൂപ ( അൻപത്തിയെട്ട് ലക്ഷത്തി പതിനാറായിരത്തി ഇരുന്നൂറ്റ് അറുപത്തിയേഴ് രൂപ മാത്രം ) ഈ സാമ്പത്തികവർഷത്തെ 2225-03-277-96-34 (പി) എന്ന ശീർഷകത്തിൽ നിന്നും തേർച്ച ചെയ്ത് ഐ.ഡി.ബി.ഐ ബാങ്കിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ പേരിലുള്ള 0889102000005128 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ച് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

*(ഒപ്പ്)*

*ഡയറക്ടർ*

ട്രഷറി ആഫീസർ
വെള്ളയമ്പലം

<u>പകർപ്പ്</u> :
ഗവ. സെക്രട്ടറി, പിന്നാക്ക സമുദായ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
സബ്ട്രഷറി വെള്ളയമ്പലം
ബി.സി.ഡി.ഡി എ2 സീറ്റ്
കരുതൽ/അധികം

# <u>അറിയിപ്പ്</u>

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 05/07/2017-ലെ **BCDD/A3/1735/16** നമ്പർ ഉത്തരവ് പ്രകാരം ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനുള്ള രണ്ടാംഘട്ട പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഉത്തരവും പട്ടികയും അനുബന്ധമായി ചേർക്കുന്നു. സ്കോളർഷിപ്പ് അനുവദിച്ചുകൊണ്ടുള്ള പട്ടികയിൽ ബാങ്ക് അക്കൗണ്ട്/ ഐ.എഫ്.എസ്.സി കോഡ് എന്നിവ സംബന്ധിച്ചോ മറ്റ് തരത്തിലുള്ള ആക്ഷേപമോ ഉള്ള പക്ഷം 20/07/2017- വൈകുന്നേരം 5 മണിക്കകം പിന്നാക്ക വിഭാഗ വികസന വകുപ്പിന് ഇ-മെയിൽ മുഖേനയോ തപാലിലൂടെയോ വിവരം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർ